പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്ന മിടാത്ത ചോദ്യം നമ്പർ: 764 12.12.2012 ൽ മറുപടിയ്ക്ക്

ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കമോ ; | (എ) സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി യിട്ടുണ്ട്. സംസ്ഥാനത്ത് ഗുണനിലവാരമുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുക,അലോപ്പതി/ഹോമിയോപ്പതി/ആയുർവേദ മരുന്നുകളുടേയും സൗന്ദര്യവർദ്ധക വസ്തുക്കളുടെയും ഉല്പാദനം, വിതരണം, വില്പന എന്നിവ നിയന്ത്രിക്കുക, ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വ്യാജമരുന്നുകൾ, മായം ചേർത്ത മരുന്നുകൾ തുടങ്ങിയവ ക ണ്ടെത്തി ആയവയുടെ വില്പന തടയുകയും നിർമ്മാതാക്കൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യു ക, നിരോധിക്കപ്പെട്ട മുരുന്നുകൾ ക ണ്ടെത്തി അവയുടെ വിൽപ്പന ഉടൻ തടയുക. അനുവദനീയമായ വിലയേക്കാളും അധിക വില ഈടാക്കുന്ന മരുന്നുകളുടെ വില്പന തടഞ്ഞ് വിശദാംശങ്ങൾ അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കുക. വ്യാജവും തെറ്റിദ്ധാരണാജനകവുമായ പരസ്യങ്ങൾ (മരുന്നുകളുടേയും, സൗന്ദര്യവർദ്ധക വസ്തുക്കളുടേയും) ക ണ്ടെത്തി ആയവക്കെതിരെ നിയമ നടപടികൾ സ്വീകരിക്കു ക. സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടേയും ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി മരുന്നുകളുടെ സാമ്പിളുകൾ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുക എന്നിവയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനങ്ങൾ.നിലവിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. |
| (ബി) ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പിടിപ്പുകേടുകൊണ്ട് ആരോഗ്യരംഗത്തുണ്ടാകുന്ന ക്രമക്കേടുകളും അഴിമതിയും കണ്ടെത്തുന്നതിന് നിലവിൽ എന്തു സംവിധാനമാണുള്ളത് ; | (ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പിടിപ്പുകേടു കൊണ്ട് ആരോഗ്യ രംഗത്ത് ക്രമക്കേടുകളും അഴിമതികളും ഉ ണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. |

| | |
|---|---|
| (സി)മരുന്നു വിതരണം, പരിശോധന, മെഡിക്കൽ സ്റ്റോറുകൾക്കും മരുന്നു കമ്പനികൾക്കും ലൈസൻസ് നൽകുന്നതിൽ വൻ അഴിമതി നടക്കുന്നതായ ആക്ഷേപം എന്നിവ പരിശോധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ? | (സി) ഏകദേശം 4000 കോടി രൂപയുടെ മരുന്നുകൾ വില്പന നടക്കുന്ന കേരള സംസ്ഥാനത്ത് അത് നിയന്ത്രിക്കുന്നത് 47 ഡ്രഗ്സ് ഇൻസ്പെക്ടർമാർ മാത്രമാണ്. മെച്ചപ്പെട്ട സേവനവും കർശന ഗുണനിലവാര നടപടികളും സ്വീകരിക്കുന്നതിലേക്കായി വകുപ്പിലെ ലൈസൻസിംഗും ഗുണനിലവാര പരിശോധനകളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുവാൻ നീക്കങ്ങൾ സ്വീകരിച്ചു വരുന്നു. 2012-13 കാലയളവിൽ ഇത് നടപ്പിലാക്കുന്നതോടെ ഇക്കാര്യത്തിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ അഴിമതി നടക്കുന്നതായ ആക്ഷേപം അടിസ്ഥാന രഹിതമാണ്. |

സെക്ഷൻ ഓഫീസർ